**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4594** **02-07-2024 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസ നടപടികളുമായി ബന്ധപ്പെട്ട് വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ ഇടമലയാർ റെയിഞ്ചിലെ വാരിയം സെറ്റിൽമെന്റിലെയും കുട്ടൻപുഴ റെയിഞ്ചിലെ ഉരിയംപെട്ടി സെറ്റിൽമെന്റിലെയും ഉൾവനങ്ങളിൽ 8 ആദിവാസി സെറ്റിൽമെന്റുകളിലായി 218 കുടുംബങ്ങൾ ഉണ്ട്. ഉൾവനത്തിലെ ഒറ്റപ്പെട്ട അവസ്ഥയും, ജീവിത സൗകര്യങ്ങളുടെ അപര്യാപ്തതയും, മനുഷ്യ വന്യജീവി സംഘർഷം മൂലവും ദുരിത പൂർണ്ണമായ ഈ കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനായി 19.09.2012-ൽ വനം വകുപ്പ്, ആദിവാസി ക്ഷേമ വകുപ്പ് മന്ത്രിമാരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കാൻ തീരുമാനിക്കുകയും ഉരുളൻതണ്ണി 1978, 1979, 1981 തേക്ക് പ്ലാന്റേഷനിൽ ഇവർക്കു വേണ്ടി ഭൂമി കണ്ടെത്തുകയും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നെറ്റ് പ്രസന്റ് വാല്യൂ (NPV) നിർബന്ധമായും അടക്കേണ്ടതുള്ളതിനാൽ ഈ പ്രൊപ്പോസലുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. തുടർ ന്ന് NPV ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ 01.02.2014 ലെ സർക്കാർ ഉത്തരവ് GO(Ms) No. 06/14/വനം. പ്രകാരം അനുമതി നൽകിയതനുസരിച്ച് NPV യും കോമ്പൻസേറ്ററി അഫോറസ്റ്റേഷന് ചെലവാകുന്ന തുകയും ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചു.<br><br>ഈ കാലയളവിൽ 67 കുടുംബങ്ങൾ തങ്ങളുടെ താമസ സ്ഥലമായ വാരിയം കോളനി വിട്ട് പന്തപ്രയിലെ ഉരുളൻതണ്ണി 1978 തേക്ക് പ്ലാന്റേഷനിൽ താമസം ആരംഭിച്ചു. ഈ 67 കുടുംബങ്ങൾക്ക് വനാവകാശനിയമപ്രകാരം |

| | | | | |
|---|---|---|---|---|
| | | | | അവകാശങ്ങൾ നൽകികൊണ്ടും ഓരോ കുടുംബത്തിനും 2 ഏക്കർ ഭൂമിയും പൊതു വികസനങ്ങൾക്കായി 20% വനഭൂമിയും (26.8ഏക്കർ) അനുവദിച്ചുകൊണ്ടും വീടുകളുടെ നിർമാണത്തിനാവശ്യമായ മരങ്ങൾ സെറ്റിൽമെന്റിൽ നിന്നും മുറിക്കുവാൻ അനുവദിച്ചുകൊണ്ടും 18.12.2017-ലെ സർക്കാർ ഉത്തരവ് (Ms) നം. 54/2017/വനം പ്രകാരം ഉത്തരവായി. കൂടാതെ 31.03.2018-ന് ബഹു. കേരള മുഖ്യമന്ത്രി ഈ കുടുംബങ്ങൾക്ക് വ്യക്തിഗത അവകാശങ്ങൾ അനുവദിക്കുകയും ചെയ്തു.<br><br>വീടുകൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നിവ നിർമിക്കുന്നതിനായി കണ്ടെത്തിയ 15 സെന്റ് സ്ഥലത്തെ മുഴുവൻ മരങ്ങളും (933 തേക്ക്, 963 മറ്റിനം മരങ്ങൾ ആകെ 1896 മരങ്ങൾ) കൂടാതെ താമസക്കാരുടെ ജീവനും സ്വത്തിനും അപകടമാണെന്ന് കണ്ടെത്തിയ 67 ഹൗസ് പ്ലോട്ടുകളുടെ സമീപത്തുള്ള 885 എണ്ണം മൂദ്ദ മരങ്ങളും എറണാകുളം ജില്ലാ കളക്ടറുടെ ദുരിത നിവാരണ നിയമ പ്രകാരമുള്ള ഉത്തരവ് പ്രകാരം 2023 ജനുവരിയിൽ മുറിച്ചു മാറ്റിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വീടുകൾക്ക് ഭീഷണിയാണെന്ന് കണ്ടെത്തിയ അപകടാവസ്ഥയിലുള്ള 17 തേക്ക് മരങ്ങളും ഒരു ആഞ്ഞിലി മരവും 2024 ഫെബ്രുവരി മാസത്തിൽ മുറിച്ച് മാറ്റിയിട്ടുണ്ട്.<br><br>ടി കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുള്ള അവശേഷിക്കുന്ന സ്ഥലത്തെ തേക്ക് ഉൾ പ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി കൃഷി യോഗ്യമാക്കാൻ 1978, 1979, 1981 പന്തപ്ര തേക്ക് ഇലവ് തോട്ടത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രദേശത്തെ മരങ്ങൾ കാലാവധിക്കു മുമ്പ് മുറിച്ചുമാറ്റുന്നതിനായി അംഗീകൃത വർക്കിംഗ് പ്ലാനിൽ നിന്നും വ്യതിചലിക്കുന്നതിനായി deviation proposal മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്റ്റാന്റിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. വനാവകാശ നിയമം അനുവദച്ച ഭൂമിയായതിനാൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ മാർഗനിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും |

| | | | |
|---|---|---|---|
| (ബി) | പന്തപ്ര നഗറിലെ ആദിവാസികൾക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ച് മാറ്റി ഭൂമി കൃഷി യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ ഇടമലയാർ റെയിഞ്ചിലെ വാരിയം സെറ്റിൽമെന്റിലെയും കുട്ടൻപുഴ റെയിഞ്ചിലെ ഉരിയംപെട്ടി സെറ്റിൽമെന്റിലെയും ഉൾവനങ്ങളിൽ 8 ആദിവാസി സെറ്റിൽമെന്റുകളിലായി 218 കുടുംബങ്ങൾ ഉണ്ട്. ഉൾവനത്തിലെ ഒറ്റപ്പെട്ട അവസ്ഥയും, ജീവിത സൗകര്യങ്ങളുടെ അപര്യാപ്തതയും, മനുഷ്യ വന്യജീവി സംഘർഷം മൂലവും ദുരിത പൂർണ്ണമായ ഈ കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനായി 19.09.2012-ൽ വനം വകുപ്പ്, ആദിവാസി ക്ഷേമ വകുപ്പ് മന്ത്രിമാരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കാൻ തീരുമാനിക്കുകയും ഉരുളൻതണ്ണി 1978, 1979, 1981 തേക്ക് പ്ലാന്റേഷനിൽ ഇവർക്കു വേണ്ടി ഭൂമി കണ്ടെത്തുകയും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നെറ്റ് പ്രസന്റ് വാല്യൂ (NPV) നിർബന്ധമായും അടക്കേണ്ടതുള്ളതിനാൽ ഈ പ്രൊപ്പോസലുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. തുടർ ന്ന് NPV ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ 01.02.2014 ലെ സർക്കാർ ഉത്തരവ് GO(Ms) No. 06/14/വനം. പ്രകാരം അനുമതി നൽകിയതനുസരിച്ച് NPV യും കോമ്പൻസേറ്ററി അഫോറസ്റ്റേഷന് ചെലവാകുന്ന തുകയും ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചു.<br><br>ഈ കാലയളവിൽ 67 കുടുംബങ്ങൾ തങ്ങളുടെ താമസ സ്ഥലമായ വാരിയം കോളനി വിട്ട് പന്തപ്രയിലെ ഉരുളൻതണ്ണി 1978 തേക്ക് പ്ലാന്റേഷനിൽ താമസം ആരംഭിച്ചു. ഈ 67 കുടുംബങ്ങൾക്ക് വനാവകാശനിയമപ്രകാരം അവകാശങ്ങൾ നൽകികൊണ്ടും ഓരോ കുടുംബത്തിനും 2 ഏക്കർ ഭൂമിയും പൊതു വികസനങ്ങൾക്കായി 20% വനഭൂമിയും (26.8ഏക്കർ) അനുവദിച്ചുകൊണ്ടും വീടുകളുടെ നിർമാണത്തിനാവശ്യമായ മരങ്ങൾ സെറ്റിൽമെന്റിൽ നിന്നും മുറിക്കുവാൻ അനുവദിച്ചുകൊണ്ടും 18.12.2017-ലെ സർക്കാർ ഉത്തരവ് (Ms) നം. 54/2017/വനം പ്രകാരം ഉത്തരവായി. കൂടാതെ 31.03.2018-ന് ബഹു. കേരള മുഖ്യമന്ത്രി ഈ കുടുംബങ്ങൾക്ക് വ്യക്തിഗത അവകാശങ്ങൾ അനുവദിക്കുകയും ചെയ്തു.<br><br>വീടുകൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നിവ നിർമിക്കുന്നതിനായി കണ്ടെത്തിയ 15 സെന്റ് |

| | | | |
|---|---|---|---|
| | | | സ്ഥലത്തെ മുഴുവൻ മരങ്ങളും (933 തേക്ക്, 963 മറ്റിനം മരങ്ങൾ ആകെ 1896 മരങ്ങൾ) കൂടാതെ താമസക്കാരുടെ ജീവനും സ്വത്തിനും അപകടമാണെന്ന് കണ്ടെത്തിയ 67 ഹൗസ് പ്ലോട്ടുകളുടെ സമീപത്തുള്ള 885 എണ്ണം മൂദ്ദു മരങ്ങളും എറണാകുളം ജില്ലാ കളക്ടറുടെ ദുരിത നിവാരണ നിയമ പ്രകാരമുള്ള ഉത്തരവ് പ്രകാരം 2023 ജനുവരിയിൽ മുറിച്ചു മാറ്റിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വീടുകൾക്ക് ഭീഷണിയാണെന്ന് കണ്ടെത്തിയ അപകടാവസ്ഥയിലുള്ള 17 തേക്ക് മരങ്ങളും ഒരു ആഞ്ഞിലി മരവും 2024 ഫെബ്രുവരി മാസത്തിൽ മുറിച്ച് മാറ്റിയിട്ടുണ്ട്.<br><br>ടി കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുള്ള അവശേഷിക്കുന്ന സ്ഥലത്തെ തേക്ക് ഉൾ പ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി കൃഷി യോഗ്യമാക്കാൻ 1978, 1979, 1981 പന്തപ്ര തേക്ക് ഇലവ് തോട്ടത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രദേശത്തെ മരങ്ങൾ കാലാവധിക്കു മുമ്പ് മുറിച്ചുമാറ്റുന്നതിനായി അംഗീകൃത വർക്കിംഗ് പ്ലാനിൽ നിന്നും വ്യതിചലിക്കുന്നതിനായി deviation proposal മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്റ്റാന്റിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. വനാവകാശ നിയമം അനുവദച്ച ഭൂമിയായതിനാൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ മാർഗനിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും |

സെക്ഷൻ ഓഫീസർ